**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5771** | **08-11-2021 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വ്യാവസായിക പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ? | (എ) | സംരംഭക സഹായ പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 27 വ്യവസായ യൂണിറ്റുകൾക്കായി ആകെ 88,36,000/- രൂപ നിക്ഷേപക സബ്സിഡി അനുവദിച്ചിട്ടുണ്ട്. നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്തി 42,449/- രൂപ 4 വ്യവസായ യൂണിറ്റുകൾക്കായി അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 63 യൂണിറ്റുകൾക്ക് 1,15,82,719/- രൂപ മാർജിൻ മണിയായി അനുവദിച്ചിട്ടുണ്ട്. വ്യവസായ ഭദ്രതാ പലിശ ഇളവ് പദ്ധതി പ്രകാരം 20 യൂണിറ്റുകൾക്ക് 3,70,619/- രൂപ നൽകിയിട്ടുണ്ട്. ചങ്ങനാശ്ശേരി നഗരസഭയിൽ ജനകീയാസൂത്രണ പദ്ധതി വഴി 15,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ചങ്ങനാശ്ശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന കോമൺ ഫെസിലിറ്റി സർവീസ് സെന്ററിൽ “Modernisation of CFSC” എന്ന തുടർ പദ്ധതി പ്രകാരം 2016 മുതൽ 2021 വരെയുള്ള സാമ്പത്തിക വർഷ കാലയളവിൽ 1,66,28,330/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള ഖാദി ഗ്രാമീണ വ്യവസായ ബോർഡിന്റെ കോട്ടയം പ്രോജക്ട് ഓഫീസ് വഴി ചങ്ങനാശ്ശേരി മണ്ഡലത്തിൽ പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരവും എന്റെ ഗ്രാമം പദ്ധതി പ്രകാരവും 3 പുതിയ യൂണിറ്റുകൾ ആരംഭിക്കുകയും അതിലൂടെ 17 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കു ന്നതിനും കഴിഞ്ഞു. കൂടാതെ പ്രസ്തുത യൂണിറ്റുകൾക്ക് മാർജിൻ മണിയായി (സബ്സിഡി) 7,03,720/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ